പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **5894** **08. 07. 2013**- ലെ മറുപടി

<u>ഗൾഫ്നാടുകളിൽ നിന്ന് തിരിച്ചുവന്ന പ്രവാസികളുടെ കണക്ക്</u>

<u>ചോദ്യം</u>

<u>ശ്രീ. എം. ഹംസ</u>

(എ) സൗദി അറേബ്യ ഉൾപ്പെടെയുള്ള ഗൾഫ് നാടുകളിലെ തൊഴിൽ നിയമങ്ങൾ കർശനമാക്കിയതിനെ തുടർന്ന് കേരളത്തിലേക്ക് തിരിച്ച് വന്ന പ്രവാസികളുടെ കണക്ക് സർക്കാർ ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ 2013 മെയ് മാസം 31 വരെ എത്ര പ്രവാസികൾ തിരിച്ചുവന്നു; ജില്ലാടിസ്ഥാനത്തിൽ കണക്ക് നൽകാമോ;

<u>ഉത്തരം</u>

<u>ശ്രീ. കെ. സി. ജോസഫ്</u>
*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)*

(എ) കൃത്യമായ കണക്ക് ലഭ്യമല്ല. നിതാഖത്തിനോടനുബന്ധിച്ച് നോർക്ക വകുപ്പ് കേരളത്തിലെ എയർപ്പോർട്ടുകളിൽ ഏർപ്പെടുത്തിയിട്ടുള്ള ഹെൽപ് ഡെസ്ക് മുഖാന്തിരവും നോർക്ക – റൂട്ട്സിലെ വെബ്സൈറ്റ് മുഖാന്തിരവും 31 മെയ് 2013 വരെ 5459 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ ഡാറ്റാ എൻട്രി പൂർത്തിയായ 3728 പേരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ. നം. | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 505 |
| 2 | കൊല്ലം | 633 |
| 3 | പത്തനംതിട്ട | 112 |
| 4 | ആലപ്പുഴ | 214 |
| 5 | കോട്ടയം | 52 |
| 6 | ഇടുക്കി | 19 |
| 7 | എറണാകുളം | 97 |
| 8 | തൃശ്ശൂർ | 135 |
| 9 | പാലക്കാട് | 177 |
| 10 | മലപ്പുറം | 1195 |
| 11 | കോഴിക്കോട് | 367 |
| 12 | വയനാട് | 55 |
| 13 | കണ്ണൂർ | 140 |
| 14 | കാസർകോഡ് | 27 |

| | |
|---|---|
| (ബി) തിരിച്ച് വരുന്ന പ്രവാസികൾക്ക് തിരികെ ഗൾഫുനാട്ടുകളിലേക്ക് തൊഴിൽ തേടി പോവുന്നതിനായി എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കികൊടുക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ? | (ബി) നിതാഖത്ത് നിയമം കാരണം നാട്ടിൽ തിരികെയെത്തിയ പ്രവാസികൾക്ക് വിദേശത്ത് തിരികെപോകുന്നതിന് പ്രശ്നമുണ്ടാകില്ല എന്നാണ് ലഭ്യമായ വിവരം. തിരിച്ചുവരുന്ന പ്രവാസികൾക്ക് ഏർപ്പെടുത്തേണ്ട സൗകര്യങ്ങൾ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ